കരിവെള്ളൂർ സെൻട്രൽ
എ.എൽ.പി.സ്കൂൾ.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

2025-2026

## ആമുഖം

വിദ്യാലയത്തിന്റെ സർവ്വതോൻമുഖമായ പുരോഗതിക്ക് മെച്ചപ്പെട്ട അക്കാദമിക നിലവാരം ഉണ്ടാകേണ്ടതുണ്ട്. ഇതിനായി ക്ലാസ്സും പ്രവർത്തനങ്ങൾക്കു പുറമെ പല മേഖലകളിലുള്ള പ്രവർത്തനങ്ങളും വിദ്യാലയം ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. നമ്മുടെ വിദ്യാലയങ്ങൾ നേരിടുന്ന വെല്ലുവിളികൾ കണ്ടെത്തി അവയെ അതിജീവിക്കാനുള്ള മാർഗങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. അങ്ങനെ കുട്ടിയുടെ സമഗ്രവികസനം ഉറപ്പുവരുത്തുന്നതിനും ഏറ്റവും മികച്ച വിദ്യാഭ്യാസം പൊതുവിദ്യാലയത്തിലൂടെ ലഭ്യമാക്കുന്നതിനും വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും നല്ല പരിശ്രമം ആവശ്യമാണ്.

മാതൃഭാഷ ശക്തിപ്പെടുത്തുന്നതോടൊപ്പം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനും മാറിവരുന്ന ജീവിത സാഹചര്യങ്ങളിൽ വിജയിക്കുന്നതിനാവശ്യമായ ആശയവിനിമയ നൈപുണികൾ വ്യക്തിത്വവികസനം, സാമൂഹികപ്രതിബദ്ധത, പരമ്പരാഗത മൂല്യങ്ങൾ, കൂട്ടായ പ്രവർത്തനങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിനും വിദ്യാലയത്തിന്റെ

സമസ്ത മേഖലകളിലും കാലോചിതമായ വികസനം ഉണ്ടാക്കി വിദ്യാലയത്തിന്റെ മികവിന്റെ കേന്ദ്രമാക്കി മാറ്റിയെടുക്കാൻ പൊതുസമൂഹത്തിന്റെ പിൻതുണയും സഹകരണവും കൂടിയേ തീരൂ.

## മികവിലേക്കുള്ള ചുവടുവെപ്പ്.

## L.S.S / പൊതുവിജ്ഞാന പരീക്ഷാ പരിശീലനം.

L.S.S പരീക്ഷാഫലം വിദ്യാലയത്തെ അളക്കുന്നതിനുള്ള ഒരു അളവുകോലായി പൊതുസമൂഹം കാണാറുണ്ട്. ഇത് കുട്ടികളുടെ പ്രവേശനത്തിന്റെ എണ്ണത്തിന്റെ കാര്യത്തിലും കാണാറുണ്ട്. ആയതിനാൽ കുട്ടികളെ ഈ വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നതിന് L.S.S ഒരു പ്രധാന ഘടകമാണ്. നമ്മുടെ വിദ്യാലയത്തിൽ അടുത്ത കാലത്തായി മിക്ക വർഷങ്ങളിലും കുട്ടികൾ L.S.S സ്കോളർഷിപ്പിന് അർഹത നേടിയിട്ടുണ്ട്. അതുപോലെ ധാരാളം ക്വിസ് പരിപാടികളും വായനാ പ്രവർത്തനങ്ങളും നടത്തിവരുന്നതിനാൽ മറ്റു മേഖലകളിലും സ്ഥാപനങ്ങളിലുമുള്ള മത്സരങ്ങളിൽ കുട്ടികൾക്ക് ഉയർന്ന ശ്രേണിയിലെത്താൻ കഴിഞ്ഞിട്ടുമുണ്ട്. വർഷാരംഭത്തിൽ തന്നെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കി മികച്ച കുട്ടികളെ വാർത്തെടുക്കണമെന്ന താത്പര്യത്തോടെ വിദ്യാലയം നടത്താനുദ്ദേശിക്കുന്ന പരിശീലന പദ്ധതിയാണ് ഈ പദ്ധതി.

# പ്രവർത്തന കലണ്ടർ

| നമ്പർ | പ്രവർത്തനങ്ങൾ | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ചുമതലാവിഭജനം | ✓ | | | | | | | | | |
| 2 | ആസൂത്രണം | ✓ | | | | | | | | | |
| 3 | ക്ലാസ്സുകൾ കൈകാര്യം ചെയ്യൽ | | | | ✓ | ✓ | ✓ | ✓ | ✓ | ✓ | |
| 4 | മാതൃകാ പരീക്ഷകൾ | | | | | | | | ✓ | ✓ | |
| 5. | LSS പരീക്ഷയിൽ പങ്കെടുപ്പിക്കൽ | | | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | |

## ധനകാര്യ വിശകലനം.

| നമ്പർ | പ്രവർത്തനങ്ങൾ | ചുമതല | ചെലവ് | സ്രോതസ്സ് |
|---|---|---|---|---|
| 1. | മാതൃകാ ചോദ്യങ്ങൾ തയ്യാറാക്കൽ. | Staff | 800 | രക്ഷിതാക്കൾ |

LEINS (Learn English In Natural Situations.)

സമൂഹത്തിൽ ഇംഗ്ലീഷ് ഭാഷയോടുള്ള ആഭിമുഖ്യം കൂടിവരികയാണ്. അതുകൊണ്ടുതന്നെ പഠനത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഒട്ടും തന്നെ ചിന്തിക്കാതെ രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അയക്കാൻ താൽപര്യം കാണിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ പോലും ഭാരിച്ച ഫീസും വണ്ടിവാടകയും കൊടുത്ത് ഭാരം കൂടിയ സ്കൂൾ ബാഗും പേറി കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അയയ്ക്കുന്നു. സമൂഹത്തിലെ ഈ കാഴ്ചപ്പാട് മാറണമെങ്കിൽ പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷയുടെ ഗുണനിലവാരം വർദ്ധിപ്പിക്കണം. ഇംഗ്ലീഷ് ഭാഷാപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക വഴി രക്ഷിതാക്കളുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനും അതുവഴി കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നതിനും സാധ്യമാകും. ഗുണമേന്മയുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം അടിസ്ഥാനതത്വമായി

എടുത്തുകൊണ്ട് ഒന്നാം തരത്തിൽ ആരംഭിച്ച ഇംഗ്ലീഷ് പഠനം സ്വാഗതാർഹമാണ്. പാഠപുസ്തകത്തിന് അനുപൂരകമായ പ്രവർത്തനങ്ങൾ കണ്ടെത്തുകയും അവ സ്വാഭാവികമായ സന്ദർഭങ്ങളിലൂടെ പ്രയോഗിച്ച് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ പ്രാപ്തരാക്കുകയും അതിലൂടെ വിദ്യാലയത്തിൽ പ്രവേശനം വർദ്ധിപ്പിക്കുക എന്നതുമാണ് LEINS എന്ന ഈ പ്രോജക്ടുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലൂടെ രക്ഷിതാക്കളിൽ പൊതുവിദ്യാലയത്തോടുള്ള ആഭിമുഖ്യം വളർത്താനും അനംഗീകൃത വിദ്യാലയങ്ങളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് നിയന്ത്രിക്കാനും കഴിയുമെന്ന് പ്രത്യാശിക്കാം.

<u>ലക്ഷ്യങ്ങൾ</u>:

- നിത്യജീവിതത്തിൽ ഇംഗ്ലീഷ് ഭാഷയിൽ മറ്റുള്ളവരുമായി സംവദിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക.
- സ്വാഭാവികമായ അന്തരീക്ഷത്തിലൂടെ ഇംഗ്ലീഷ് പഠനം ലളിതവും ആകർഷകവുമാക്കുക.

പ്രവർത്തന കലണ്ടർ.

| നമ്പർ | പ്രവർത്തനങ്ങൾ. | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|
| 1 | Picture reading | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 2 | Action Songs. | | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 3 | Storytelling. | | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 4 | Role Play | | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 5 | Games/Riddles. | | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 6. | English Camp. | | | | | | | ✓ |

# ശ്രവ്യവായന

അറിവുനിർമ്മാണം സാധ്യമാക്കുന്നതിന്
കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കേണ്ടതുണ്ട്.
അതിൽ 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ
മുഴുവൻ കുട്ടികളും " ശ്രവ്യവായന" എന്ന
രീതിയിൽ വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ
ഓഡിയോ ആയി അയച്ചിടുവാൻ ആവശ്യ-
പ്പെടുകയും. കൂടാതെ മാസങ്ങളിൽ വരാനുള്ള
ദിനാചരണത്തിന്റെ ഭാഗമായി ക്വിസ് മത്സരത്തി-
നായുള്ള ചോദ്യങ്ങൾ വാട്സ് ആപ്പ് ഗ്രൂപ്പു-
കളിൽ അയയ്ക്കുകയും നിശ്ചിത ദിവസങ്ങൾ
കുട്ടികൾക്ക് പഠിക്കുവാൻ അവസരം നൽകുന്നു.
ശേഷം ക്വിസ് മത്സരം നടത്തുകയും. ഒന്നും
രണ്ടും സ്ഥാനം കിട്ടിയ കുട്ടികളെ അഭിനന്ദി-
ക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യു-
കൂടാതെ പത്രങ്ങളിൽ ദിവസേന വരുന്ന
പൊതുവിജ്ഞാനം കുട്ടികളോട് കുറിച്ചെടു-
ക്കുവാൻ പറയുകയും മാസത്തിൽ ഒരു

നന്മ പറമ്പിൽ നടന്നുകൊണ്ട് ചെയ്തു.

| Sl No | പ്രവർത്തനങ്ങൾ | June | July | Aug | Sept | Oct | Nov | Dec | Jan |
|---|---|---|---|---|---|---|---|---|---|
| 1. | പുസ്തക വിതരണം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 2. | ക്ലാസ് ലൈബ്രറി ഒരുക്കൽ | ✓ | | | | | | | |
| 3. | കുഞ്ഞുവായന/വാട്സ്ആപ്പ് വായന | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | |
| 4. | വായനശാല സന്ദർശനം | ✓ | | | | | | | |
| 5. | ക്ലാസ് പതിപ്പുകൾ തയ്യാറാക്കൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | |
| 6. | സ്കൂൾ കയ്യെഴുത്ത് മാസിക തയ്യാറാക്കൽ. | | | | | | | | ✓ |
| 7 | പുസ്തകപ്രദർശനം | ✓ | | | | | | | |
| 8. | വായനാക്കുറിപ്പ് തയ്യാറാക്കൽ. | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | |
| 9. | വായനാനുഭവം പങ്കുവെക്കൽ | | | | | | | | |
| 10 | ചോദ്യങ്ങൾ ഗ്രൂപ്പുകളിൽ പങ്കുവയ്ക്കൽ. | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | |
| 11 | ക്വിസ് മത്സരം. | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | |